# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നം.3272/1/2024/Election                                                    തീയതി: 01.08.2024

## <u>വിജ്ഞാപനം</u>

വിഷയം: മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ ജനറൽ കൗൺസിൽ 2023-2024 പുനഃസംഘടിപ്പിച്ചത് - സംബന്ധിച്ച്

സൂചന: സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 3, 10 (17) ൽ നൽകുന്ന അധികാരം ഉപയോഗിച്ച് ബഹു. വൈസ് ചാൻസലറുടെ 27.07.24 ലെ ഉത്തരവ്.

കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച 19.02.2022 ലെ സർവ്വകലാശാല റഗുലേഷൻ പാർട്ട് B, 1 പ്രകാരം, സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകൾ, സർവ്വകലാശാല പഠന വകുപ്പുകൾ എന്നിവയിൽ നിന്നും 2023 അദ്ധ്യയന വർഷത്തിൽ സർവ്വകലാശാലാ യൂണിയൻ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ട്, 2023-2024 കാലഘട്ടത്തിലെ സർവ്വകലാശാലാ യൂണിയൻ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിച്ചുകൊണ്ടും, പ്രൊഫോർമകൾ നാളിതുവരെ സമർപ്പിക്കാത്ത വിദ്യാർത്ഥിപ്രതിനിധികൾ നിശ്ചിത സമയ പരിധിക്കകം ആയത് സമർപ്പിക്കുന്ന പക്ഷം അവരെക്കൂടി ഉൾപ്പെടുത്തികൊണ്ട് ജനറൽ കൗൺസിൽ വിപുലീകരിക്കുന്നതിനുള്ള അനുമതി നൽകിയും, സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 3.10.(17) പ്രകാരം നൽകുന്ന അധികാരം ഉപയോഗിച്ച്, 27.07.2024 ന് ബഹു: വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ജനറൽ കൗൺസിൽ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി ഈ വിജ്ഞാപന തീയതി മുതൽ ഒരു വർഷം അല്ലെങ്കിൽ അടുത്ത ജനറൽ കൗൺസിൽ പുനഃസംഘടന, ഇവയിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെയായിരിക്കും. ജനറൽ കൗൺസിൽ അംഗങ്ങളുടെ വിവരങ്ങൾ അടങ്ങിയ പ്രാഥമിക പട്ടികയിൽ ഭേദഗതികൾ വേണ്ടപക്ഷം, സർവ്വകലാശാലാ യൂണിയൻ 2023-2024ന്റെ തെരഞ്ഞെടുപ്പ് വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയപരിധിക്കകം പരാതികൾ സർവ്വകലാശാലാ രജിസ്ട്രാറേയോ/ വരണാധികാരിയെയോ രേഖാമൂലം അറിയിക്കാവുന്നതാണ്.

**ഡോ. അരവിന്ദകുമാർ സി റ്റി**
വൈസ് ചാൻസിലർ

പകർപ്പ്:

1. വി.സി/ പിവിസി എന്നിവരുടെ പേർസണൽ സെക്രട്ടറിമാർ .
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. ഡി എസ് എസ് .
4. പി ആർ ഒ /കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ
5. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി .

Draft #4 of File 3272/1/2024/Election Approved by VICE CHANCELLOR on 01-Aug-2024 12:42 PM - Page 1